പതിമൂന്നാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

| നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 6771 | 10.07.2014- ൽ മറുപടിക്ക് |
|---|---|

## ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ പരാതി പരിഹാര പദ്ധതി

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ. എം. എ. വാഹീദ്<br>" വി. റ്റി. ബൽറാം<br>" വി. പി. സജീന്ദ്രൻ<br>" ലൂഡി ലൂയിസ് | | ശ്രീ. വി. എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| എ) | പൊതുജനങ്ങളിൽ നിന്നുള്ള പരാതികൾക്ക് പരിഹാരം കാണാൻ ഭക്ഷ്യസുരക്ഷാ വകുപ്പ് പദ്ധതികൾക്ക് തുടക്കം കുറിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | എ) | പൊതുജനങ്ങളുടെ പരാതികൾക്ക് പരിഹാരം ലഭിക്കുന്നതിനായി ഭക്ഷ്യസുരക്ഷാ കമ്മീഷണറുടെ ഓഫീസിൽ രാവിലെ 10.00 മണി മുതൽ 5.00 മണി വരെ പ്രവർത്തിക്കുന്ന ഒരു ടോൾ ഫ്രീ നമ്പർ പ്രവർത്തിക്കുന്നുണ്ട് (1800 425 1125). കൂടാതെ പൊതുജനങ്ങൾക്ക് അസിസ്റ്റന്റ് കമ്മീഷണർ ഓഫ് ഫുഡ് സേഫ്റ്റി, ഫുഡ് സേഫ്റ്റി ഓഫീസർമാർ എന്നിവരെ നേരിട്ട് വിളിക്കുന്നതിനായി എല്ലാ ഓഫീസർമാർക്കും മൊബൈൽ നമ്പർ ലഭ്യമാക്കിയിട്ടുണ്ട്. മൊബൈൽ നമ്പറിന്റെ വിശദാംശങ്ങൾ www.foodsafetykerala.gov.in എന്ന വെബ്സൈറ്റിൽ ലഭ്യമാണ്. |
| ബി) | എന്തെല്ലാം ലക്ഷ്യങ്ങളാണ് പദ്ധതി വഴി കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം; | ബി) | ഭക്ഷണത്തിന്റെ വിലയുമായി ബന്ധപ്പെട്ടത് ഒഴികെ ഭക്ഷണസാധനങ്ങളുമായി ബന്ധപ്പെട്ട പൊതുജനങ്ങളുടെ പരാതികൾക്ക് സത്വര പരിഹാരം നൽകുകയെന്നതാണ് പദ്ധതിയുടെ ഉദ്ദേശലക്ഷ്യം. |
| സി) | ആരെല്ലാമാണ് പദ്ധതിയുടെ പ്രവർത്തനവുമായി സഹകരിക്കുന്നത്; വിശദമാക്കാമോ; | സി) | ഭക്ഷ്യസുരക്ഷാ വകുപ്പിലെ ഉദ്യോഗസ്ഥർ മാത്രമാണ് പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ളത്. |
| ഡി) | പദ്ധതി നടത്തിപ്പിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദാംശങ്ങൾ എന്തെല്ലാം; | ഡി) | പൊതുജനങ്ങളുടെ പരാതികൾക്ക് പരിഹാരം ലഭിക്കുന്നതിനായി ഭക്ഷ്യസുരക്ഷാ കമ്മീഷണറുടെ ഓഫീസിൽ രാവിലെ 10.00 മണി മുതൽ 5.00 മണി വരെ പ്രവർത്തിക്കുന്ന ഒരു ടോൾ ഫ്രീ നമ്പർ പ്രവർത്തിക്കുന്നുണ്ട് (1800 425 1125). കൂടാതെ പൊതുജനങ്ങൾക്ക് അസിസ്റ്റന്റ് കമ്മീഷണർ ഓഫ് ഫുഡ് സേഫ്റ്റി, ഫുഡ് സേഫ്റ്റി ഓഫീസർമാർ എന്നിവരെ നേരിട്ട് വിളിക്കുന്നതിനായി എല്ലാ ഓഫീസർമാർക്കും മൊബൈൽ നമ്പർ ലഭ്യമാക്കിയിട്ടുണ്ട് മൊബൈൽ നമ്പറിന്റെ വിശദാംശങ്ങൾ www.foodsafetykerala.gov.in എന്ന വെബ്സൈറ്റിൽ ലഭ്യമാണ്. കൂടാതെ വാഹനം ലഭ്യമല്ലാത്ത ജില്ലകളിൽ കോൺട്രാക്റ്റ് അടിസ്ഥാനത്തിൽ ഒരു വാഹനം പരിശോധനകൾക്കായി ലഭ്യമാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ